10380
17/8/15

## കേരള സർക്കാർ

### സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് -2015-16 അദ്ധ്യയനവർഷം വിവിധ മെഡിക്കൽ കോളേജുകളിൽ ഒന്നാം വർഷ എം.ബി.ബി.എസ് ന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ.)നം. 1251/2015/പജപവവിവ തിരുവനന്തപുരം, തീയതി 03.08.2015

---

പരാമർശം:- 1) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 20/05/2015-ലെ എഡ്യൂ.എ 1-22504/14- നമ്പർ കത്ത്.

2) 02/06/2015 ലെ വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ 10-ാം നമ്പർ അജണ്ട.

### ഉത്തരവ്

2015-16 അദ്ധ്യയനവർഷം വിവിധ മെഡിക്കൽ കോളേജുകളിൽ ഒന്നാം വർഷ എം.ബി.ബി.എസ് -ന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 12,06,400/- (പന്ത്രണ്ട് ലക്ഷത്തി ആറായിരത്തിനാനൂറ് രൂപ മാത്രം ) രൂപയുടെ വിശദമായ പ്രൊപ്പോസൽ പരാമർശം (1) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

02/06/2015 - ൽ നടന്ന വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും പദ്ധതിക്ക് ഭരണാനുമതി നൽകാൻ ശുപാർശ ചെയ്യുകയും ചെയ്തു.

02/06/2015-ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം സർക്കാർ അംഗീകരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2015-16 അദ്ധ്യയനവർഷം വിവിധ മെഡിക്കൽ കോളേജുകളിൽ ഒന്നാം വർഷ എം.ബി.ബി.എസ് പഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി ആകെ 12,06,400/- രൂപ (പന്ത്രണ്ട് ലക്ഷത്തി ആറായിരത്തി നാനൂറ് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2225-01-277-57 ശീർഷകത്തിൽ നിന്നും കണ്ടെത്തി സ്ഥാപനമേധാവികൾ മുഖേന താഴെപറയും പ്രകാരം വിതരണം ചെയ്യുവാൻ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി ആവശ്യാനുസരണം തുക ജില്ലാ ഓഫീസർമാർക്ക് ഡയറക്ടർ അനുവദിച്ച് നൽകേണ്ടതാണ്.

(2) ഓരോ സ്ഥാപനത്തിനും ആവശ്യമായ തുക ജില്ലാ ഓഫീസർമാർ ഡി.ഡി ആയി സ്ഥാപന മേധാവിക്ക് നൽകണം.

(3) വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റെതസ്കോപ്പ് തെരഞ്ഞെടുക്കുവാൻ വിദ്യാർത്ഥികൾക്ക് അവകാശമുണ്ടായിരിക്കണമെന്നും ആയതിന് പട്ടികജാതി വികസനവകുപ്പിൽ നിന്നും പരമാവധി 5800/- രൂപ വരെ അനുവദിച്ച് നൽകുന്നതുമാണ്.

(4) പദ്ധതിയിൻ കീഴിൽ ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവശ്യം മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ.

(5) സ്റ്റെതസ്കോപ്പ് വാങ്ങിയ ബിൽ വിദ്യാർത്ഥി ഹാജരാക്കുന്ന മുറയ്ക്ക് ബില്ലിൽ സൂചിപ്പിച്ചിട്ടുള്ള തുകയ്ക്ക് തത്തുല്യമായ തുക (പരമാവധി രൂപ 5800) പ്രസ്തുത വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്ഥാപന മേധാവി സ്വീകരിക്കേണ്ടതാണ്.

(6) സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ഓരോ വിദ്യാർത്ഥിക്കും പരമാവധി 5800/- രൂപ വീതം അനുവദിച്ച് കൊണ്ട് ഇപ്രകാരം നടപടി സ്വീകരിച്ചിട്ടുള്ള വിവരം മാധ്യമങ്ങളിലൂടെയും ബന്ധപ്പെട്ട സ്ഥാപനങ്ങളിലൂടെയും അറിയിക്കുന്നതിനാവശ്യമായ നടപടികൾ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(7)പദ്ധതി നടപ്പാക്കിയതു സംബന്ധിച്ച വിശദാംശങ്ങളുടെ ക്രോഡീകരിച്ച റിപ്പോർട്ട് മൂന്നു മാസത്തിനകം ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
എസ്. യു. രാജീവ്,
ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ), കേരള, തിരുവനന്തപുരം.
ചീഫ് വികേന്ദ്രീകൃത ആസൂത്രണ വിഭാഗം,സംസ്ഥാന പ്ലാനിംഗ് ബോർഡ് ,തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (വെൽഫെയർവിംഗ്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD.
പട്ടികജാതി പട്ടിക വർഗ്ഗ വികസന(ബി)വകുപ്പ്
സ്റ്റോക്ക് ഫയല്/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:- പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്.
പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് ജോയിൻ സെക്രട്ടറിയുടെ സി.എ യ്ക്ക്.